**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 50** **24-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ മേഖലയെ തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | 1949ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ Banking നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലങ്ങളിൽ വരുത്തിയ ഭേദഗതികളിലൂടെ ബാങ്കിങ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദേശങ്ങളും സഹകരണ നിയമത്തിന് എതിരുമാണ്.<br><br>2020 ൽ ബാങ്കിങ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. മുഖ്യ ഭേദഗതികൾ താഴെ പറയുന്നവയാണ്.<br><br>(i) <u>Section 36 AA</u>: ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI യ്ക്ക് അധികാരമുണ്ട്. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണ സമിതിക്കെതിരെ നടപടിയെടുക്കാൻ RBI യ്ക്ക് അധികാരം നൽകുന്നു.<br><br>(ii) <u>സെക്ഷൻ 56:</u> ഈ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ വിപുലമായ അധികാരം നൽകുന്നു. ബൈലാ റദ്ദാക്കാൻ വരെ ആർ.ബി.ഐയ്ക്ക് അധികാരമുണ്ട്.<br><br>(iii) <u>Section 10 of Banking Regulation Act:</u> പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10 ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും |

| | | | |
|---|---|---|---|
| | | | ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം, സഹകരണ ബാങ്കിന്റെ ചെയർമാൻ മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്.<br><br>(iv) ബാങ്കിംഗ് നിയമത്തിലെ സെക്ഷൻ 56(i) ഭേദഗതി ചെയ്തതിലൂടെ സെക്ഷൻ 12, 12A, 13, 15 to 17 എന്നിവ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കി.<br><br>സെക്ഷൻ 12 ൽ വരുത്തിയ ഭേദഗതി മൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of shares, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഈ ഭേദഗതി നിർദ്ദേശം സഹകരണ നിയമത്തിലെ 22,23,24 എന്നിവയുടെ ലംഘനമാണ്.<br><br>ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ഇത്തരം പ്രവർത്തനങ്ങൾക്ക് എതിരെ പ്രതിരോധം നിൽക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ ഈ വിഷയത്തിൽ ഭരണഘടനയുടെ 131 വകുപ്പ് പ്രകാരം ഒരു Suit സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപകരിൽ ആശങ്ക സൃഷ്ടിക്കുന്ന തരത്തിൽ റിസർവ് ബാങ്ക് നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 1949ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ Banking നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലങ്ങളിൽ വരുത്തിയ ഭേദഗതികളിലൂടെ ബാങ്കിങ് |

നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദേശങ്ങളും സഹകരണ നിയമത്തിന് എതിരുമാണ്.

2020 ൽ ബാങ്കിങ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. മുഖ്യ ഭേദഗതികൾ താഴെ പറയുന്നവയാണ്.

(i) Section 36 AA: ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI യ്ക്ക് അധികാരമുണ്ട്. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണ സമിതിക്കെതിരെ നടപടിയെടുക്കാൻ RBI യ്ക്ക് അധികാരം നൽകുന്നു.

(ii) സെക്ഷൻ 56: ഈ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ വിപുലമായ അധികാരം നൽകുന്നു. ബൈലാ റദ്ദാക്കാൻ വരെ ആർ.ബി.ഐയ്ക്ക് അധികാരമുണ്ട്.

(iii) Section 10 of Banking Regulation Act: പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10 ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം, സഹകരണ ബാങ്കിന്റെ ചെയർമാൻ മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്.

(iv) ബാങ്കിംഗ് നിയമത്തിലെ സെക്ഷൻ 56(i) ഭേദഗതി ചെയ്തതിലൂടെ സെക്ഷൻ 12, 12A, 13, 15 to 17 എന്നിവ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കി.

സെക്ഷൻ 12 ൽ വരുത്തിയ ഭേദഗതി മൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of shares, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള

| | | | |
|---|---|---|---|
| | | | അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഈ ഭേദഗതി നിർദ്ദേശം സഹകരണ നിയമത്തിലെ 22,23,24 എന്നിവയുടെ ലംഘനമാണ്.<br><br>ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ഇത്തരം പ്രവർത്തനങ്ങൾക്ക് എതിരെ പ്രതിരോധം നിൽക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ ഈ വിഷയത്തിൽ ഭരണഘടനയുടെ 131 വകുപ്പ് പ്രകാരം ഒരു Suit സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ സഹകരണ മേഖലയെ സംരക്ഷിക്കാനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | കേന്ദ്ര ആദായനികുതി നിയമത്തിൽ കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നൽകുകയും ആയതിന്മേൽ കേന്ദ്ര സർക്കാർ നടപടി ഒന്നും തന്നെ സ്വീകരിച്ചിട്ടില്ലാത്തതാണ്. ഈ വിഷയത്തിൽ വിവധ സംഘങ്ങൾ ബഹു ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവുകൾ സമ്പാദിച്ചിട്ടുണ്ട്.<br><br>അതുപോലെ 194 A പ്രകാരം TDS ഇടാക്കണമെന്ന വ്യവസ്ഥയും ആദായ നികുതി വകുപ്പ് നടപ്പാക്കുന്നു. ആയതിന് സ്റ്റേ നേടിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാന സഹകരണ മേഖലയെ സംബന്ധിച്ച് ആർ.ബി.ഐ. പുറത്തിറക്കിയിട്ടുള്ള സർക്കുലറുകൾ സുപ്രീം കോടതി വിധിയുടെയും ഭരണഘടനയുടെ ഫെഡറൽ തത്വങ്ങളുടെയും ലംഘനമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരളത്തിലെ licensed ബാങ്കുകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനായി RBI സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾക്കെതിരെ ചില Urban Bank -കൾ കേരള ഹൈക്കോടതിയിൽ Writ Petition ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസുകൾ ഉൾപ്പെടെ ഇന്ത്യയിലൊട്ടാകെ സർക്കുലർ നിർദ്ദേശങ്ങൾക്കെതിരായി ഫയൽ ചെയ്തിരുന്ന കേസുകൾ ബഹു. സുപ്രീം കോടതിലേക്ക് മാറ്റുന്നതിന് |

| | | | |
|---|---|---|---|
| | | | ഭരണഘടനയുടെ Article 139 പ്രകാരം RBI Petition ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ